(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

റഗുലേറ്ററി കമ്മീഷന് സമർപ്പിച്ച 'താരിഫ് പെറ്റീഷൻ'

1 [157] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള 'താരിഫ് പെറ്റീഷൻ' വൈദ്യുതി ബോർഡ് തയ്യാറാക്കി റഗുലേറ്ററി കമ്മീഷന് സമർപ്പിക്കുകയുണ്ടായോ;

(ബി) താരിഫ് പെറ്റീഷനിൽ കണക്കാക്കിയ കമ്മി എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) ഇലക്ട്രിസിറ്റി ബോർഡിന്റെ മുൻ സാമ്പത്തിക വർഷവും നടപ്പ് സാമ്പത്തിക വർഷവും റഗുലേറ്ററി കമ്മീഷന് സമർപ്പിച്ച 'താരിഫ് പെറ്റീഷ'ന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) 2004-2005 സാമ്പത്തിക വർഷത്തേക്കുള്ള താരിഫ് പെറ്റീഷൻ വൈദ്യുതി ബോർഡ് റഗുലേറ്ററി കമ്മീഷന് സമർപ്പിച്ചിട്ടില്ല. എന്നാൽ 2004-05 വർഷത്തെ ബോർഡിന്റെ മൊത്ത വരവ് ചെലവ് കണക്കുകളുടെ പെറ്റീഷൻ കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ കണക്കുകൾ കമ്മീഷൻ അംഗീകരിച്ചാൽ മാത്രമേ വൈദ്യുതി ബോർഡ് അടുത്ത വർഷത്തേക്കുള്ള താരിഫ് പെറ്റീഷൻ റഗുലേറ്ററി കമ്മീഷന് സമർപ്പിക്കുകയുള്ളു.

(ബി) 2004-05 വർഷത്തെ മൊത്ത വരവ് ചെലവ് കണക്കുകൾ അനുസരിച്ച് ബോർഡിന്റെ മൊത്ത കമ്മി 854.19 കോടി രൂപയാണ്.

(സി) 2003-04 വർഷത്തെ ബോർഡ് സമർപ്പിച്ച വരവ് ചെലവ് കണക്കുകളുടെയും താരിഫ് പെറ്റീഷന്റെയും പകർപ്പും 2004-05 വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പെറ്റീഷന്റെ പകർപ്പും അനുബന്ധമായി വയ്ക്കുന്നു.†

കെ. എസ്. ഇ. ബി. യുടെ ഘടന

2 [158] ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് വിഭജിച്ച് കമ്പനികളാക്കി മാറ്റാൻ കേന്ദ്ര നിയമം വന്ന സാഹചര്യത്തിൽ കെ. എസ്. ഇ. ബ -യുടെ ഘടന ഏത് തരത്തിൽ മാറ്റാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(നക്ഷത്ര ചിഹ്നമിടാത്ത 156-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly